8) <u>സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച് ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി, ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ മേശപ്പുറത്തുവച്ച മറുപടി.</u>

മലപ്പുറം ജില്ലയിലെ നിറമരുതൂർ വില്ലേജിൽ സർവ്വേ നമ്പർ 334/2-ൽ ഉൾപ്പെട്ട ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ കിഴക്കരിക് ചേർന്ന് തീരദേശ റോഡ് കടന്നുപോകുന്നുണ്ട്. റോഡിന് കിഴക്കുഭാഗത്ത് മത്സ്യഭവനം മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കും പ്രവർത്തിച്ചുവരുന്നു. ഇവയോട് ചേർന്ന് ഫിഷറീസ് വകുപ്പിന്റെ എക്സ്റ്റൻഷൻ-കം-ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ട്രെയിനിംഗ് സെന്ററിനോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യവും മറ്റും ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിനായി സമീപപ്രദേശത്ത് ഫിഷറീസ് വകുപ്പിന് വേറെ ഭൂമിയില്ല. എന്നിരുന്നാലും മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കായിക പ്രവർത്തനങ്ങൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ ഒരു മിനി സ്റ്റേഡിയം പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കുന്ന കാര്യം ഫിഷറീസ് വകുപ്പിന്റെ പരിഗണനയിലാണ്.

9) <u>എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് സംവരണം സംബന്ധിച്ച് ശ്രീ. ടി. വി. രാജേഷ്, എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി, പ്രൊഫ. സി. രവീന്ദ്രനാഥ് മേശപ്പുറത്തുവച്ച മറുപടി</u>

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയല്ല നടത്തുന്നത്. 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെ 11-ാം വകുപ്പുപ്രകാരം എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനാധികാരം അതത് മാനേജരിൽ നിക്ഷിപ്തമാണ്. 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 (എ), ചട്ടം 1 പ്രകാരം നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ മാനേജർക്ക് എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിൽ നിയമിക്കാവുന്നതാണ്. സമാനരീതിയിലാണ് എയ്ഡഡ് സ്കൂളുകളിൽ അനദ്ധ്യാപകരെയും നിയമിക്കുന്നത്. ഇപ്രകാരം നിയമനാധികാരിയായ മാനേജർ നടത്തുന്ന നിയമനങ്ങൾ ചട്ടപ്രകാരമാണെങ്കിൽ, അത് വിദ്യാഭ്യാസ ആഫീസർമാർ അംഗീകരിക്കേണ്ടതാണ്. കേരള വിദ്യാഭ്യാസ നിയമത്തിലെ ചട്ടങ്ങൾ അനുസരിച്ചാണ് എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly